പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 89 18.3.2013 ൽ മറുപടിക്ക്

**പോലീസ് സബ് ഇൻസ്പെക്ടർ കായികക്ഷമതാ പരീക്ഷയിലെ ക്രമക്കേട്**

**ചോദ്യം**

ശ്രീ. ജി. സുധാകരൻ

**മറുപടി**

ഉമ്മൻ ചാണ്ടി

(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) 2013 ജനുവരി 8 മുതൽ 31 വരെ പി.എസ്.സി നടത്തിയ പോലീസ് സബ് ഇൻസ്പെക്ടർ പരീക്ഷയിൽ ക്രമക്കേട് നടന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പരാതികൾ പരിശോധിച്ചു വരുന്നു. |
| ബി) ഒരു തസ്തികയിലേക്ക് ഒരേ നിലവാരത്തിൽ നടത്തേണ്ട വൺസ്റ്റാർ ടെസ്റ്റ് ഏതെല്ലാം ഗ്രൗണ്ടുകളിലായാണ് നടത്തിയത് എന്നറിയിക്കുമോ; | ബി)<br>1) കാർഷിക യൂണിവേഴ്സിറ്റി കോളേജ് ഗ്രൗണ്ട്, വെള്ളായണി.<br>2) ഗവ: മെഡിക്കൽ കോളേജ് ഗ്രൗണ്ട് -1<br>3) ഗവ: മെഡിക്കൽ കോളേജ് ഗ്രൗണ്ട് -2<br>4) കോളേജ് ഓഫ് എൻജിനീയറിംഗ് ഗ്രൗണ്ട്, ശ്രീകാര്യം<br>5) SAP പരേഡ് ഗ്രൗണ്ട്, പേരൂർക്കട |
| സി) എത്ര ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രവും സമയവും തീയതിയും മാറ്റി നൽകിയെന്ന് വ്യക്തമാക്കുമോ; | സിയും, ഡിയും) 203 ഉദ്യോഗാർത്ഥികൾക്ക് ടെസ്റ്റിന്റെ തീയതി മാറ്റി നൽകിയിട്ടുണ്ട്. |
| ഡി) ജനുവരി 23,30,31 തീയതികളിൽ നടന്ന കായികക്ഷമതാ പരീക്ഷയിൽ അവസരം മാറ്റി വാങ്ങി പങ്കെടുത്തവർ എത്രയെന്നറിയിക്കുമോ; | |
| ഇ) ആകെ പങ്കെടുത്തവർ എത്ര; അവരിൽ വിജയിച്ചവർ എത്ര; അവരിൽ അവസരം മാറ്റി വാങ്ങിയവരിൽ എത്ര പേർ വിജയിച്ചു; വ്യക്തമാക്കുമോ; | ഇ) റിസൾട്ട് പ്രഖ്യാപിച്ചാൽ മാത്രമേ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളു. |
| എഫ്) മൂന്നു കാറ്റഗറികളിൽ പരീക്ഷ നടത്തി കായികക്ഷമതാ പരീക്ഷയ്ക്ക് ഒരു അവസരം മാത്രം നൽകിയത് ഉദ്യോഗാർത്ഥികളുടെ രണ്ടവസരങ്ങൾ നഷ്ടമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | എഫ്) ഉദ്യോഗാർത്ഥികളുടെ സൗകര്യം കണക്കിലെടുത്താണ് ഒരു പ്രായോഗിക പരീക്ഷയ്ക്ക് ഹാജരായാൽ മതി എന്ന് തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ